# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 257 18.06.2019 ൽ മറുപടിക്ക്

### പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്-ന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ. ദാസൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുഗതാഗതത്തിനുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | എ) പൊതുമരാമത്ത് റോഡുകളിൽ അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടേഴ്സ് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ.ഉ(കൈ) 19/2013/പൊ.മ.വ തീയതി 27.02.2013 പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്പനി നിലനിർത്തേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനും പരിപാലിക്കുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത കമ്പനി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ; | ബി) ജനപ്രതിനിധികൾ, പൊതുജനസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ അഭ്യർത്ഥന പ്രകാരം പി.പി.പി വ്യവസ്ഥയിൽ സംസ്ഥാനത്ത് ആധുനിക ബസ് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതു കൂടാതെ എം.എൽ.എമാരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും, അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് എന്നീ സ്കീമുകളിൽ എം.എൽ.എ മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് ബന്ധപ്പെട്ട യൂസർ ഏജൻസികൾക്കു കൈമാറുന്നു. |
| സി) ഈ സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിൽപ്പെട്ട റോഡ് അപകടങ്ങൾ കുറയ്ക്കുക, റോഡ് സുരക്ഷ ഉറപ്പാക്കുക എന്നിവ നിറവേറ്റുന്നതിനായി പ്രസ്തുത കമ്പനി മറ്റ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ? | സി) റോഡ് സുരക്ഷ മുൻനിർത്തി യാത്രക്കാർക്ക് തടസ്സമാകാത്ത വിധത്തിലാണ് പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് നിർമ്മാണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ